## ന്യായമല്ല

# ഫാക്ട് അടച്ചുപൂട്ടുക

**പി.പി.**

ഇനും താനെന്തെങ്കിലും സംശയവുമായിട്ടാണോ പുറപ്പാട്?

അതെതറുതലെ ഫാക്ട് സ്വകാര്യവത്കരിക്കാൻ പോകുന്നെന്ന് കേട്ടു.

അതിലിപ്പൊ എന്താ. 1943 ൽ ഉടക്കം ശേഷസ്സായി ബ്രദേഴ്സ് എന്ന സ്വകാര്യനാണല്ലോ! അവിടേക്ക് തിരിച്ചു പോകുന്നു അത്രല്യേ ഉള്ളൂ.

എന്നാലും സ്വകാര്യവത്കരണം എന്ന് കേട്ടപ്പോൾ എന്തോ ഒരു ഇത്.

അതിന്റെ ഗുണവും ദോഷവും നമുക്ക് പിന്നീടൊരിക്കൽ പറയാം. ഞാൻ പറയുന്നത് സ്വകാര്യോം വേണ്ട അകാര്യോം വേണ്ട. ഇതുപോലുള്ള രാസങ്ങൾ കൂട്ടിച്ചേർത്ത് മണ്ണിന്റെ രസം കളയുന്ന കള്ളക്കമ്പനികളൊക്കെ അടച്ചുപൂട്ടണം.

കഷ്ടിച്ച് 8000 തൊഴിലാളികളുടെ കുടുംബം പട്ടിണിയാകില്ലേ?

ഇവിടെയാരും അമ്മയുടെ വയറ്റിൽ നിന്നും ഒരു തൊഴിലും പഠിച്ച് വരുന്നതല്ല. പിരിഞ്ഞുപോരുമ്പോൾ കിട്ടുന്ന ആനുകൂല്യനിധികൊണ്ട് ഇവരൊക്കെ വല്ല ജൈവവളമുണ്ടാക്കി പാപപരിഹാരം നടത്തട്ടെ. ഇവർക്ക് വേണ്ടി ധർണ നടത്താൻ ആൾക്കാരുണ്ട്. ഇവർ മൂലം ജീവിതം വഴിമുട്ടിയ, ഒന്നിനും കൊള്ളാത്ത എത്രയോ മനുഷ്യപടങ്ങൾ ഇവിടെയുണ്ട്. അവരെ ഇണക്കാൻ ആരുണ്ട്?! തൊഴിലന്വേഷകന് ഇവിടെ തൊഴിലിന് ബുദ്ധിമുട്ടില്ല. ഇന്ന തൊഴിൽ കിട്ടിയാലേ ചെയ്യൂ എന്ന് വന്നാൽ തൊഴിലില്ലായ്മ ഉണ്ടാകും. സമൂഹത്തിന് ദോഷം ചെയ്യുന്നവരും ഗുണം ചെയ്യുന്നവരും ഇവിടെ തൊഴിലാളി പട്ടം കിട്ടിയവരിലുണ്ട്.

അതിൽ ഏത് വകുപ്പിലാണ് തറുതലെ ഫാക്ടിലെ തൊഴിലാളികൾ?

അവർ ഉപദ്രവിക്കുന്ന തൊഴിലാളികളാണ്.

ഇങ്ങനെ ദോഷം പറയാമോ?

ദോഷം പറയാത്തതുകൊണ്ടും ചെയ്യാത്തതുകൊണ്ടുമല്ലേ താൻ നിർദോഷിയായത്. ദോഷം ചെയ്താൽ ദോഷമെന്നല്ലാതെ മിനുക്കിപ്പറയണോ? ഇവരുടെ പണിയിടങ്ങൾക്ക് ഒഴിച്ചിട്ടിരിക്കുന്ന ഭൂമി എത്രയാണെന്നറിയാമോ? 923 ഹെക്ടറാണ്. 8000 തൊഴിലാളികളെ കുടിയിറക്കിയാൽ 45500 പേർക്ക് കുടികിടപ്പിനുള്ള സ്ഥലം കിട്ടും. 8000 തൊഴിലാളി 50 കൊല്ലം പണിയെടുത്ത് ഇന്ത്യയിലെ 50 ലക്ഷം ഹെക്ടറെങ്കിലും ഊഷരഭൂമിയാക്കിയിട്ടുണ്ടാകും. മഞ്ഞുമ്മലിലേക്ക് പോകുന്ന വഴിയിൽ നെൽകൃഷി ചെയ്തിരുന്ന 58 ഹെക്ടർ നെൽപ്പാടമാണ് നീരുറവകൾ അടയുന്നതിനും കുടിവെള്ളം അശുദ്ധമാകുന്നതിനും ജിപ്സം കൊണ്ട് മൂടിയിട്ടിരിക്കുന്നത്. സർവ്വോപരി ഇത്രയും സ്ഥലത്ത് രണ്ട് പൂവ്വിലുംകൂടി കിട്ടിയിരുന്ന 28000 കിലോ നെല്ലുത്പാദനവും ഇല്ലാതാക്കി. ചിത്രപ്പുഴ, പെരിയാർ തീരങ്ങളിൽ താമസിച്ച് മീൻപിടിച്ച് ഉപജീവനം നടത്തിയിരുന്ന വീടുകളിൽ തൊഴിൽ നശിച്ചപ്പോൾ 8000 കുടുംബം

ത്തിരു മാലിന്യം കലർത്തിക്കൊടുത്തു. നമ്മുടെ ഏറ്റവും പ്രധാനപ്പെട്ട പ്രകൃതിജന്യ ഊർജ്ജമായ ഇലക്ട്രിസിറ്റി ഒരുമാസത്തിൽ ഈ കമ്പനിയുടെ പണിത്തട്ടിലും മറ്റ് കെട്ടിടങ്ങളിലുമായി ഉപയോഗിക്കുന്നത് എത്രയാണെന്നറിയാമോ? 2 ലക്ഷം മെഗാവാട്ട് അവർ. ഇതിനു കൊടുക്കുന്ന വിലയോ 1 കിലോവാട്ട് അവറിന് 2 ക. എറണാകുളം ജില്ല മുഴുവനും യാതൊരുവക പരിസ്ഥിതി പ്രശ്നങ്ങളും സൃഷ്ടിക്കാതെ 1/4 H.P, 1/2 H.P മോട്ടോറുകൾ ഉപയോഗിച്ച് കുടിൽ വ്യവസായം നടത്താവുന്നത്ര വിദ്യുച്ഛക്തി!! എടൊ നിർദ്ദോഷി സമൂഹത്തിന് നല്ലത് വരാൻ പണിയെടുക്കുന്നവനാണ് തൊഴിലാളി. കർഷകനും പരമ്പരാഗത പണികളിലെ തൊഴിലാളികളും സത്ഗുണാധിഷ്ഠിത ഉത്പാദനവും നടത്തുന്നവരാണ് ജനസേവകർ.

പാരമ്പര്യ തൊഴിലാളികൾ തൊഴിലാളി പ്രസ്ഥാനത്തിൽ ഇന്ന് പുറമ്പോക്കിലെ കുടികിടപ്പുകാരാണ്. 2-ാം തരം തൊഴിലാളിക്ക് കിട്ടുന്നത് വല്ലപ്പോഴുമൊരിക്കൽ ദാരിദ്ര്യത്തിന്റെ അപ്പക്കഷ്ണങ്ങൾ! ഒന്നാതരക്കാരനു കിട്ടുന്നത് മാസത്തിന്റെ തുമ്പിൽ എണ്ണുങ്ങളുടെ കെട്ട്.

അപ്പോൾ ബീഡി, സിഗരറ്റ്, പുകയില, മദ്യം, ചായ, കാപ്പി ഇവക്കൊക്കെ വേണ്ടി പണിയെടുക്കുന്നവരെ ഏത് വകുപ്പിൽ പെടുത്തണം.

നമ്മളെയൊക്കെ കൊല്ലാതെ കൊല്ലാൻ അധികാരികളിൽ നിന്നും അംഗീകാരം കിട്ടിയിട്ടുള്ള, അവർ കല്പിച്ച് നിശ്ചയിച്ചിട്ടുള്ള ആരാച്ചാരന്മാരാണിവരൊക്കെ. ഇതിൽ ഫാക്ട് തൊഴിലാളിയും ഗ്രാസിം തൊഴിലാളിയും ഒക്കെ പെടും.